പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 2468

08/03/2017 ൽ
മറുപടിക്ക്

**ട്രാവൻകൂർ ടൈറ്റാനിയം കമ്പനി നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുരളീധരൻ:<br>ശ്രീ. കെ.എസ്.ശബരീനാഥൻ;<br>ശ്രീ. എം.വിൻസെന്റ് | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനി നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ എന്ത് നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്; | എ) മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട് മുൻപ് ഉണ്ടാക്കിയ പദ്ധതിയ്ക്കുവേണ്ടി ഇറക്കുമതി ചെയ്ത യന്ത്രങ്ങളുടെ പേരിൽ ലഭിച്ച "കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള ഇളവുകൾ" (EPCG Concession) ഏതാണ്ട് 17.53 കോടി രൂപയും അതിന്മേൽ നാളിതുവരെ ഉണ്ടായ പലിശയും ചേർത്ത് ഏകദേശം 35 കോടി രൂപ തിരിച്ചടയ്ക്കുന്നതിന് നോട്ടീസ് ലഭിച്ചു എന്നതാണ് കമ്പനി നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. ടി പദ്ധതി ഉപേക്ഷിക്കപ്പെട്ടതിനാൽ ഈ ആവശ്യം പുനഃപരിശോധിക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു.<br><br>കാലങ്ങളായി ഉണ്ടായിട്ടുള്ള കടബാദ്ധ്യതകൾ ലഘൂകരിക്കുന്നതിനും പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനുമായി ഗവൺമെന്റ് കടമായി നൽകിയിട്ടുള്ള തുക ഓഹരി മൂലധനമാക്കി മാറ്റി കമ്പനിയുടെ മൊത്തം ആസ്തി (Net Worth) വർദ്ധിപ്പിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ആവശ്യമായ കടം ലഭ്യമാക്കുന്നതിനു വേണ്ട സഹായങ്ങൾ ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വിപണനം വിപുലീകരിക്കുന്നതിനും ഉപഭോക്താക്കളുമായി നേരിട്ട് |

| | |
|---|---|
| | ബന്ധപ്പെടുന്നതിനും വിപണന വിഭാഗം ഉദ്യോഗസ്ഥർ നിരന്തരമായി സന്ദർശനം നടത്തുന്നുണ്ട്. കയറ്റുമതിയ്ക്കായി പുതിയ ഉപഭോക്താക്കളെ കണ്ടുപിടിച്ച് വിപണനം വിപുലീകരിച്ചിട്ടുണ്ട്. |
| ബി) കമ്പനി നേരിടുന്ന പ്രതിസന്ധിയും കമ്പനി നവീകരണത്തിന് പദ്ധതി നടപ്പിലാക്കുന്നതും സംബന്ധിച്ച് വിശദമായ പഠനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | ബി) ദീർഘകാലാടിസ്ഥാനത്തിൽ സൾഫ്യൂറിക് ആസിഡ് പ്ലാന്റ്, ടൈറ്റാനിയം ഡയോക്സൈഡ് പ്ലാന്റ് എന്നിവ നവീകരിക്കുന്നതിനും, ഗവേഷണവിഭാഗം കണ്ടെത്തിയിട്ടുള്ള പുതിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നതിനും, ഗുണമേന്മ ഉയർത്തുന്നതിനുള്ള കോപ്പറാസ് റിക്കവറി പ്ലാന്റ് പൂർത്തീകരിക്കുന്നതിനും വേണ്ടിയുള്ള ഒരു സമഗ്ര പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇവ നടപ്പാക്കുന്നതിലൂടെ നിലവിലുള്ള 120 കോടി രൂപ വിറ്റുവരവ്, 250 കോടിയിലേയ്ക്ക് ഉയർത്തുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.<br>2016-17 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചതനുസരിച്ച് സർക്കാർ ഉത്തരവ് G.O.(Rt)No.61/2017/ID dated 11.01.2017 പ്രകാരം ടൈറ്റാനിയം ലോഹം ഉൾപ്പെടുന്ന ടൈറ്റാനിയം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഒരു "കോംപ്ലക്സ്" സ്ഥാപിക്കുന്നതിനു വേണ്ടി പദ്ധതി തയ്യാറാക്കുന്നതിനായി സർക്കാർ തലത്തിൽ ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്പനിയുടെ പ്രവർത്തനങ്ങൾക്ക് ഇത് സഹായകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്. |

Bindumol. K. N

സെക്ഷൻ ഓഫീസർ